# NATIONAL BULLETIN

**DATE: 28.04.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   **In the wake of Pahalgam terror attack, Defence Minister Rajnath Singh today met Prime Minister Narendra Modi in New Delhi.**

2. പഹൽഗാം ഭീകരാക്രമണത്തിൽ സൈന്യത്തിനെതിരെ തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ച 16 പാകിസ്ഥാൻ യൂട്യൂബ് ചാനലുകൾക്ക് ഇന്ത്യയിൽ നിരോധനം.

   **India has banned 16 Pakistani YouTube channels for disseminating misinformation against India in the backdrop of recent Pahalgam terror attack.**

3. പഹൽഗാം ഭീകരാക്രമണത്തെ ഏകകണ്ഠമായി അപലപിച്ച് ജമ്മു കശ്മീർ നിയമസഭ. ഭീകരാക്രമണത്തിൽ ലോകമെമ്പാടുമുള്ള ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ പ്രതിഷേധം.

   **The Jammu and Kashmir Assembly has unanimously condemned the Pahalgam terror attack. Indian diaspora around the world holds protests against terror attack at Pahalgam.**

4. ഫ്രാൻസിൽ നിന്ന് 26 റാഫേൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനുള്ള പ്രതിരോധ കരാറിൽ ഇന്ത്യ ഇന്ന് ഒപ്പുവെക്കും.

**India to sign defence deal with France today for 26 Rafale Marine fighter Jets.**

5. കേരളത്തിന്റെ തനത് വരുമാനം 81,000 കോടിയിലെത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan has said that Kerala's revenue has reached Rs 81,000 crore.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസ് പോരാട്ടം.

**In IPL Rajasthan Royals will take on Gujarat Titans today.**

**************************************

**HEADLINE-1**

## PM - RAJNATH MEET

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നടന്ന കൂടിക്കാഴ്ച 40 മിനിറ്റ് നീണ്ടു. നേരത്തെ സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനുമായി രാജ്യരക്ഷാ മന്ത്രി കൂടിക്കാഴ്ച നടത്തിയിരുന്നു.

*********************************

**HEADLINE-2**

## REV. PAK YT CHANNEL- BAN

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ച 16 പാകിസ്ഥാൻ യൂട്യൂബ് ചാനലുകൾ ഇന്ത്യ നിരോധിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ

ശുപാർശ പ്രകാരമാണ് നടപടി. ഡോൺ ന്യൂസ്, സമ ടിവി, ആരി ന്യൂസ്, ജിയോ ന്യൂസ് തുടങ്ങിയവ നിരോധിച്ച ചാനലുകളിൽ ഉൾപ്പെടുന്നു. ഇന്ത്യയ്ക്കും സൈന്യത്തിനും എതിരെ പ്രകോപനപരമായ വിവരങ്ങൾ പ്രചരിപ്പിച്ചതിനാണ് നടപടി. പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചുള്ള ബിബിസിയുടെ റിപ്പോർട്ടിംഗിനെയും സർക്കാർ എതിർത്തിട്ടുണ്ട്. ബിബിസി റിപ്പോർട്ടിംഗും വിദേശകാര്യമന്ത്രാലയം നിരീക്ഷിച്ച് വരികയാണ്.
******************************

**HEADLINE-3**

## JK- ASSSEMBLY SESSION- PAHALGAM

പഹൽഗാം ഭീകരാക്രമണത്തെ ജമ്മു കശ്മീർ നിയമസഭാ ഏകകണ്ഠമായി അപലപിച്ചു. നിയമസഭയുടെ ഒരു ദിവസത്തെ പ്രത്യേക സമ്മേളനത്തിൽ ഉപമുഖ്യമന്ത്രി സുരീന്ദർ ചൗധരിയാണ് ഭീകരാക്രമണത്തെ അപലപിച്ചു കൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചത്. ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് സഭ അന്തിമോപചാരം അർപ്പിച്ചു.
******************************

## INDIAN DIASPORA -PROTEST

പഹൽഗാം ഭീകരാക്രമണത്തിൽ ലോകമെമ്പാടുമുള്ള ഇന്ത്യൻ പ്രവാസി സമൂഹം പ്രതിഷേധിച്ചു. മെൽബണിലെ ഫെഡറേഷൻ സ്ക്വയർ മുതൽ ലണ്ടനിലെ പാകിസ്ഥാൻ ഹൈക്കമ്മീഷൻ വരെയും, കോപ്പൻഹേഗൻ മുതൽ കാഠ്മണ്ഡുവിലെ പാകിസ്ഥാൻ എംബസി വരെയും പ്രതിഷേധ പ്രകടനം നടന്നു. ഭീകരാക്രമണത്തെ അപലപിച്ച പ്രവാസികൾ, ഇരകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. അതെസമയം, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കണമെന്ന് ബംഗ്ലാദേശ് വിദേശകാര്യ ഉപദേഷ്ടാവ് തൗഹിദ് ഹൊസൈൻ ആവശ്യപ്പെട്ടു.
******************************

**HEADLINE-4**

## INDO-FRANCE RAFALE

ഫ്രാൻസിൽ നിന്ന് 26 റാഫേൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനുള്ള പ്രതിരോധ കരാറിൽ ഇന്ത്യ ഇന്ന് ഒപ്പുവെക്കും. പ്രതിരോധ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും ഇന്ത്യയിലെ ഫ്രഞ്ച് അംബാസഡറും ചടങ്ങിൽ ഇരുവിഭാഗത്തെയും പ്രതിനിധീകരിക്കും. ഐഎൻഎസ് വിക്രമാദിത്യ, ഐഎൻഎസ് വിക്രാന്ത് തുടങ്ങിയ വിമാന വാഹിനിക്കപ്പലുകളിൽ ഇവ വിന്യസിക്കാനാണ് ഉദ്ദേശിക്കുന്നത്. റാഫേൽ മറൈൻ യുദ്ധവിമാനങ്ങളിൽ നൂതന ആയുധ സംവിധാനങ്ങളും മിസൈലുകളും ഉൾപ്പെടും.

*******************************

## ARMY-FIRING LOC

ജമ്മു കശ്മീരിൽ നിയന്ത്രണ രേഖയ്ക്ക് സമീപം പാകിസ്ഥാൻ സൈന്യം ഇന്നലെ നടത്തിയ വെടിവയ്പ്പിനെ ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചു. കുപ് വാര, പൂഞ്ച് മേഖലകളിലെ നിയന്ത്രണ രേഖയ്ക്ക് സമീപം പ്രകോപനമില്ലാതെയാണ് പാക് വെടിവെയ്പ്പ് ഉണ്ടായതെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

*******************************

## NAVY - MISSILE

ദീർഘദൂര കപ്പൽവേധ മിസൈലുകൾ പരിശീലിച്ച് ഇന്ത്യൻ നാവികസേന. ദീർഘദൂരലക്ഷ്യങ്ങളിൽ കൃത്യമായ പ്രതിരോധമുറപ്പിക്കാനാണ് പരിശീലനം നടത്തിയത്. രാജ്യത്തിന്റെ സമുദ്ര താത്പര്യങ്ങൾ സംരക്ഷിക്കാൻ സർവ്വസജ്ജമാണെന്ന് നാവികസേന എക്സിൽ കുറിച്ചു.

*******************************

## PAKISTANI NATIONALS

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം സ്വദേശത്തേക്ക് മടങ്ങിയത് 537 പാകിസ്ഥാൻ പൗരൻമാർ. ഇന്ത്യയിൽ താമസിക്കുന്ന പാകിസ്ഥാൻ പൗരത്വമുള്ളവർക്ക് രാജ്യം വിടാനുള്ള സമയപരിധി ഇന്നലെ രാത്രി 10 ന് അവസാനിച്ചിരുന്നു. അട്ടാരി അതിർത്തി വഴി മടങ്ങിയെന്നാണ്

ഔദ്യോഗിക കണക്കുകൾ. 1,387 ഇന്ത്യക്കാർ പാകിസ്ഥാനിൽ നിന്ന് മടങ്ങിയെത്തിയിട്ടുണ്ട്.

*******************************

## PREZ PADMA AWARDS

പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വിതരണം ചെയ്യും. വൈകുന്നേരം രാഷ്ട്രപതി ഭവനിലാണ് പുരസ്ക്കാരദാന ചടങ്ങ്. ഏഴ് പത്മവിഭൂഷൺ, 19 പത്മഭൂഷൺ, 113 പത്മശ്രീ ഉൾപ്പെടെ 139 പുരസ്ക്കാരങ്ങളാണ് ഇത്തവണ സമ്മാനിക്കുന്നത്. കേരളത്തിൽ നിന്നും എം.ടി. വാസുദേവൻ നായർക്ക് മരണാനന്തര ബഹുമതിയായി പത്മവിഭൂഷണും, ജോസ് ചാക്കോ പെരിയപ്പുറം, പി.ആർ. ശ്രീജേഷ് എന്നിവർക്ക് പത്മഭൂഷണും,ഐ എം വിജയൻ, കെ. ഓമനക്കുട്ടി അമ്മ എന്നിവർക്ക് പത്മശ്രീയും സമ്മാനിക്കും. പ്രശസ്ത ചലച്ചിത്ര നടി ശോഭനയ്ക്ക് പത്മഭൂഷൺ ലഭിക്കും.

*******************************

## JP NADDA- CANCER (INTRO)

കാൻസർ പരിചരണത്തിൽ ഇന്ത്യ വലിയ പുരോഗതി കൈവരിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ. മഹാരാഷ്ട്രയിൽ അത്യാധുനിക ട്രൂ ബീം യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന പ്രകാരം 5 ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവുകൾ സൗജന്യമായി നൽകുന്നുണ്ടെന്നും ശ്രീ ജെ.പി. നഡ്ഡ പറഞ്ഞു.

(ഹോൾഡ് വോയിസ്)

*******************************

### HEADLINE-6

## IPL

ഐ പി എല്ലിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ നേരിടും. രാത്രി 7:30 ന് ജയ്പൂരിലെ സാവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം.

*******************************

HEADLINE-5

## CM-KERALA

കേരളത്തിൽ കഴിഞ്ഞ 3 വർഷത്തെ തനത് വരുമാന വർദ്ധന 81 ആയിരം കോടിയിലെത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് ഇടുക്കി നെടുങ്കണ്ടത്ത് നടന്ന ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒൻപത് വർഷം കൊണ്ട് ജനങ്ങൾ ആഗ്രഹിച്ച രീതിയിലുള്ള വികസനം ഉണ്ടായോ എന്ന് വിലയിരുത്തേണ്ട സമയമായെന്നും മുഖ്യമന്ത്രി പറഞ്ഞു.

******************************

## BOMB THREAT

മുഖ്യമന്ത്രിയുടെ ഓഫീസ് അടക്കം കേരളത്തിൽ 3 സ്ഥലങ്ങളിൽ ബോംബ് ഭീഷണി. മുഖ്യമന്ത്രിയുടെ ഓഫീസ്, ക്ലിഫ് ഹൗസ്, ട്രാഫിക്ക് കമ്മിഷണറുടെ ഓഫീസ് എന്നിവിടങ്ങളിലാണ് ഭീഷണി. ഭീഷണിയെ തുടർന്ന് പൊലീസ് പരിശോധന ആരംഭിച്ചു. അതേസമയം കൊച്ചി വിമാനത്താവളത്തിലും ബോംബ് ഭീഷണിയുമായി അജ്ഞാത ഇ-മെയിൽ വന്നു.

******************************

## AKASHAVANI - 75TH ANNIVERSARY (INTRO)

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെ സമാപനം ഇന്ന്. വൈകുന്നേരം 3 മണിക്ക് വഴുതക്കാട് ടാഗോർ തിയറ്ററിൽ നടക്കുന്ന ചടങ്ങിൽ കവി ശ്രീകുമാരൻ തമ്പി ഉദ്ഘാടനം ചെയ്യും. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയിസ്)

******************************

## RAJIV CHANDRASEKHAR

വിഴിഞ്ഞം തുറമുഖവും ദേശീയ പാത വികസനവും റയിൽവേ സ്റ്റേഷനുകളുടെ നവീകരണവും കേരളത്തിൽ പുതിയ അവസരങ്ങൾ തുറന്ന് കൊടുക്കുമെന്ന് ബിജെപി സംസ്ഥാന

അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. വടകരയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യമേഖലയിലെ മാറ്റങ്ങൾ വികസന രംഗത്ത് വിപ്ലവമാണ് സൃഷ്ടിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.
******************************

## RABIES-KOZHIKODE

പേവിഷബാധയേറ്റ മലപ്പുറം സ്വദേശിയായ 6 വയസ്സുകാരി കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ അതിഗുരുതരാവസ്ഥയിൽ തുടരുന്നു. കുട്ടി വാക്സിനെടുത്തിരുന്നു. ഈ മാസം 25 നാണ് കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.
******************************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്ഡ് 1,079 പോയിന്റ് നേട്ടത്തിൽ 80,293-ലും. ദേശീയ ഓഹരി സൂചിക നിഫ്റ്റി 304 പോയിന്റ് ഉയർന്നു 24,344-ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. ഗ്രാമിന് 65 രൂപ കുറഞ്ഞ് 8,940 രൂപയും, പവന് 520 രൂപ താഴ്ന്നു 71,520 രൂപയുമാണ് ഇന്നത്തെ വില.
******************************

## CANADA ELECTIONS

കാനഡ ഇന്ന് പോളിംഗ് ബൂത്തിലേക്ക്. ലിബറൽ പാർട്ടിയുടെ പ്രതിനിധിയും പ്രധാനമന്ത്രിയുമായ മാർക്ക് കാർണിയും പ്രതിപക്ഷ കൺസർവേറ്റീവ് പാർട്ടിയുടെ പിയറി പൊയിലീവ്രെയുമാണ് പ്രധാന സ്ഥാനാർത്ഥികൾ. സാമ്പത്തിക സ്ഥിരത, ജീവിതച്ചെലവ് തുടങ്ങിയവയാണ് തിരഞ്ഞെടുപ്പിൽ ചർച്ചയായ വിഷയങ്ങൾ.
******************************

## CANADA-KILLED

കാനഡയിലെ വാൻകൂവറിൽ ലാപു ലാപു ദിനാഘോഷം നടക്കുന്നതിനിടെ ജനക്കൂട്ടത്തിലേക്ക് കാർ ഇടിച്ചുകയറി

ഉണ്ടായ അപകടത്തിൽ 11 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു.
*******************************

## FRANCIS - POPE

ഫ്രാൻസിസ് മാർപ്പാപ്പയുടെ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിനുള്ള സുപ്രധാന കോൺക്ലേവിന്റെ തീയതി ഇന്ന് പ്രഖ്യാപിച്ചേക്കും. ഇന്ന് നടക്കുന്ന കർദിനാൾമാരുടെ സമ്മേളനത്തിലായിരിക്കും പ്രഖ്യാപനം.
*******************************

## MORN. ASIAN YOGASANA CHAMPIONSHIP

ഡൽഹിയിൽ നടന്ന ഏഷ്യൻ യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യ. 83 സ്വർണ്ണ മെഡലുകൾ നേടി റെക്കോർഡ് നേട്ടം കൈവരിച്ച ഇന്ത്യ അകെ 87 മെഡലുകൾ നേടി, ചാമ്പ്യൻഷിപ്പിൽ ഒന്നാമതെത്തി. മൂന്ന് സ്വർണ്ണവും മൂന്ന് വെള്ളിയും നാല് വെങ്കലവും നേടിയ ജപ്പാനാണു രണ്ടാം സ്ഥാനത്ത്.

*

************

*************************************************